ഭരണഭാഷ-മാതൃഭാഷ

നമ്പർ: സി.എ/ഇ.സി-162/2020

കമ്മീഷണറേറ്റ് ഓഫ് എക്സൈസ്
തിരുവനന്തപുരം
തീയതി: 02.07.2020
ഫോൺ: 0471-2332632
e-mail:eckerala.exc@kerala.gov.in

പ്രേഷകൻ

എക്സൈസ് കമ്മീഷണർ,
കേരള

ഗ്രാഹകൻ

ജോയിന്റ് എക്സൈസ് കമ്മീഷണർ 1. മൂന്ന് മേഖലകളും
ജോയിന്റ് എക്സൈസ് കമ്മീഷണർ , ഇ.സി..ബി.
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഇ.സി.ബി, എറണാകുളം
എക്സൈസ് ക്രൈം ബ്രാഞ്ച് (എല്ലാ ഉദ്യോഗസ്ഥരും).

സർ,

വിഷയം: കേസന്വേഷണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ- സംബന്ധിച്ച്

കേസന്വേഷണത്തിൽ വീണ്ടും വീണ്ടും സംഭവിയ്ക്കുന്നതായ ചില പൊതുവായ തെറ്റുകൾ താഴെ കൊടുക്കുന്നു. അന്വേഷണത്തിന്റെ വിജയത്തിനും പ്രതിയ്ക്ക് അർഹമായ ശിക്ഷ കിട്ടത്തക്കവണ്ണം കോതിയിൽ കേസ് വിജയിയ്ക്കുന്നതിനും ഈ കാര്യങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇവ എല്ലാ അന്വേഷണ ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

1. കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ Cr PC Section 172 പ്രകാരം ഒരു കേസ് ഡയറി സൂക്ഷിക്കേണ്ടതുണ്ട്. ആ കേസ് ഡയറിയിൽ സെക്ഷൻ 172(1), 172(1-A), 172 (1-B) എന്നിവയിൽ പറയുന്ന പ്രകാരം കേസിന്റെ അന്വേഷണം നടത്തുന്ന ദിവസങ്ങളിൽ തയ്യാറാക്കേണ്ടതും, കേസ് ഡയറിയോടൊപ്പം അന്നേ ദിവസം നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയ മഹസ്സറുകൾ, രേഖപ്പെടുത്തിയ മൊഴികൾ, ശേഖരിച്ച രേഖകൾ എന്നിവ ഉൾപ്പെടുത്തേണ്ടതും, യഥാവിധി നമ്പരിട്ട് സൂക്ഷിക്കേണ്ടതുമാണ്. പല കേസ് ഡയറി ഫയലുകളിലും ആവശ്യമില്ലാതെ കരടായി രേഖപ്പെടുത്തിയ കുറിപ്പുകളും ഒപ്പുകൾ രേഖപ്പെടുത്തിയ വെറും പേപ്പറുകളും കാണുന്നു. ഇത് കേസന്വേഷണം സംബന്ധിച്ച് സംശയം ഉണ്ടാക്കുന്നതിനാൽ ഒഴിവാക്കേണ്ടതാണ്.

2. പ്രധാനപ്പെട്ട കേസുകളിൽ മയക്കുമരുന്നോ, അബ്കാരി മുതലുകളോ കണ്ടെടുക്കുന്ന സമയം തന്നെ അറസ്റ്റ് ചെയ്യുന്ന പ്രധാന പ്രതിയുടെ CDR ശേഖരിക്കുന്നത് ഇത്തരം മുതലുകൾ എവിടെ നിന്ന് കൊണ്ടു വന്നു എന്നും ആർക്കു കൊടുക്കാൻ കൊണ്ടുപോകുന്നു എന്നും തെളിയിക്കുന്നതിന് ഉതകുന്ന ശാസ്ത്രീയമായ തെളിവാണ്. ഒരു വർഷത്തിനു ശേഷം CDR കൾ ലഭിക്കുന്നതല്ല. ആയതിനാൽ സംഭവം നടന്ന് ഒരു വർഷത്തിനുള്ളിൽ തന്നെ CDR ശേഖരിച്ചില്ലെങ്കിൽ അതുമുഖേന ലഭിക്കാവുന്ന തെളിവുകൾ നഷ്ടമാകുന്നതാണ്.

3. NDPS Act Sec.67 പ്രകാരം എക്സൈസ് വകുപ്പിലെ അധികാരമുള്ള ഉദ്യോഗസ്ഥന്റെ മുന്നിൽ നൽകുന്ന കുറ്റസമ്മത മൊഴി കോടതി മുമ്പാകെ സ്വീകാര്യമാണെങ്കിലും അതിനെ തുടർന്ന് Indian Evidence Act സെക്ഷൻ 27 പ്രകാരം റിക്കവറി നടത്തുകയും ആയതിന് റിക്കവറി മഹസ്സർ തയ്യാറാക്കുകയും ചെയ്യുന്നത് കേസിന്റെ ശരിയായ നടത്തിപ്പിന് ഉചിതമായിരിക്കും. ഇപ്രകാരം കുറ്റസമ്മതമൊഴിയുടെ അടിസ്ഥാനത്തിൽ റിക്കവറി മഹസ്സർ തയ്യാറാക്കുമ്പോൾ seizure mahazar തയ്യാറാക്കുമ്പോൾ seizure നടന്ന സ്ഥലത്തുനിന്നും റിക്കവറി മഹസ്സർ തയ്യാറാക്കുന്ന സ്ഥലത്തേക്കുള്ള ദൂരം കണക്കാക്കി സഞ്ചരിക്കുന്നതിനുള്ള സമയവും കണക്കിലെടുത്ത് വേണം മഹസ്സർ തയ്യാറാക്കുവാൻ.

4. NDPS Act Sec.42,57 എന്നിവ പ്രകാരം തയ്യാറാക്കിയ രേഖകൾ ഉടൻതന്നെ ബന്ധപ്പെട്ട മേലധികാരിക്കും കോടതിയിലും അയച്ചു എന്ന് ഉറപ്പാക്കേണ്ടതാണ്.

എക്സൈസ് കമ്മീഷണർ